11339/18
30/11/18

## വിവരാവകാശനിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
മുഖ്യ നഗരാസൂത്രകൻ
നഗര ഗ്രാമാസൂത്രണ വകുപ്പ്,
സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം

പ്രേക്ഷിതൻ

ശ്രീ. ഗീവീസ് മർക്കോസ്,
കുളങ്ങര ഹൗസ്
പാമ്പാക്കുട പി.ഒ.
പാമ്പാക്കുട - 686 667
എറണാകുളം

സർ,

വിഷയം : വിവരാവകാശ നിയമം 2005 സംബന്ധിച്ച്

സൂചന : 1. ഓർത്തഡോക്സ് ഇന്റർനാഷണൽ ഫൗണ്ടേഷൻ കൊച്ചി എന്ന പേരിലുള്ള സൊസൈറ്റിയുടെ ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ നിർമ്മാണ അനുമതിയെ സംബന്ധിച്ച്

2. നമ്പർ 347/ആർ.ബി1/2018 ത.സ്വ.ഭ.വ തീയതി 06-10-2018

3. നമ്പർ ടി.പി.1/പി.ഐ.ഒ.-17516/2018 തീയതി 28-10-2018

4. ബി.എ. 656/2014 തീയതി 22-11-2016 ആയി കളമശ്ശേരി നഗരസഭാ കാര്യാലയത്തിൽ നിന്നും അങ്ങയുടെ കാര്യാലയത്തിലേക്ക് അനുമതിക്കായി അയച്ചതായ അപേക്ഷയും പ്ലാനും

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സംരംഭമെന്ന നിലയിൽ സമൂഹത്തിൽ തെറ്റിദ്ധാരണ വരത്തക്ക രീതിയിൽ ഏതാനും ചിലർ ചേർന്ന് എറണാകുളം കേന്ദ്രീകരിച്ച് ഇ.ആർ. 629/10 നമ്പറായി എറണാകുളം ഡിസ്ട്രിക്റ്റ് രജിസ്ട്രാർ മുമ്പാകെ 1955 ലെ പന്ത്രണ്ടാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന ഓർത്തഡോക്സ് ഇന്റർനാഷണൽ ഫൗണ്ടേഷൻ കൊച്ചിയുടെ കീഴിൽ എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന മുട്ടം മെട്രോ യാഡിനു സമീപമായും Naval Armament Depot (NAD) യുടെ സുരക്ഷിത-നിരോധിത മേഖലയോട് ചേർന്നും 14 സർവ്വേ നമ്പറുകളായി മേൽപ്പറഞ്ഞ ഓർത്തഡോക്സ് ഇന്റർനാഷണൽ ഫൗണ്ടേഷൻ കൊച്ചിയുടെ കൈയവകാശത്തിലിരിക്കുന്ന വസ്തു വകകളിൽ NAD യുടെ മാനദണ്ഡങ്ങൾ പാലിക്കാതെയും, സംസ്ഥാന സർക്കാരിന്റെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ പാലിക്കാതെയും **മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പദ്ധതിയെന്ന വ്യാജേന ഉദ്യോഗസ്ഥരിൽ തെറ്റിദ്ധാരണ ഉണ്ടാക്കിക്കൊണ്ട് ഓർത്ത**

...നാഷണൽ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി തേടിക്കൊണ്ട് അങ്ങയുടെ കാര്യാലയത്തിലും, കളമശ്ശേരി മുനിസിപ്പാലിറ്റിയിലും അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് ഈ അപേക്ഷ സമർപ്പിക്കുന്നത്.

**ചോദ്യം 1 :** സൂചന 2 പ്രകാരമുള്ള മറുപടിയിൽ ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ നിർമ്മാണ അനുമതി സംബന്ധിച്ച് ലഭിച്ചതായ അപേക്ഷയിൽ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുവാനായി മുഖ്യ നഗരാസൂത്രകൻ തിരുവനന്തപുരത്തിന് അയച്ചു കൊടുത്തിട്ടുള്ളതായി പ്രതിപാദിച്ചിട്ടുള്ളതാണ്. ടി അപേക്ഷയിൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചുവോ? സമർപ്പിച്ചിട്ടുണ്ടെങ്കിൽ ടി റിപ്പോർട്ടിന്റെ സർട്ടിഫൈഡ് പകർപ്പ്?

**ചോദ്യം 2 :** ടി അപേക്ഷയിലെ പ്രഥമ ഖണ്ഡികയിൽ പരാമർശിക്കും പ്രകാരം വിവിധ നിയമങ്ങൾ ലംഘിച്ചുകൊണ്ട് നിയമവിരുദ്ധമായി നിർമ്മിക്കുന്ന ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ നിർമ്മാണ അനുമതിക്കായി സൂചന 3, 4 പ്രകാരം കളമശ്ശേരി നഗരസഭയിൽ നിന്നും അനുമതിക്കായി അങ്ങയുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അങ്ങയുടെ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അനുമതി നൽകിയിട്ടുള്ള ഉത്തരവിന്റെ സർട്ടിഫൈഡ് പകർപ്പ്?

മേൽ ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകണമേയെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

വിശ്വസ്തതയോടെ

**ഗീവീസ് മർക്കോസ്,**

എറണാകുളം

26-11-2018

NB : സൂചനയിൽ പരാമർശിക്കുന്ന രേഖകൾ ഇതോടൊന്നിച്ച് സമർപ്പിക്കുന്നു